(ബി) 2000-2001-ൽ കയർഫെഡിന്റെ വിറ്റുവരവ് 3101.10 ലക്ഷം രൂപയായിരുന്നു.

(സി) ഏജൻസി ഷോറും തുടങ്ങുന്നതിനുള്ള നടപടി എടുത്തു വരികയാണ്.

## സർക്കാരിൽ നിക്ഷിപ്തമാക്കിയ സ്വകാര്യ ഭൂമി

125 [432] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വനം ബിൽ പ്രകാരം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ സ്വകാര്യ ഭൂമിയുടെ ആകെ വിസ്തീർണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സർക്കാർ ഏറ്റെടുത്ത പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും സ്വകാര്യ ഭൂമിയിൽ നിന്നും വേർതിരിച്ച് അതിർത്തി നിർണ്ണയിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ അറിയിക്കുമോ;

(സി) സർക്കാർ ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് സ്വകാര്യ സ്ഥലമുടമകളുമായി തർക്കമോ കേസുകളോ ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇത്തരം ഭൂമി സംരക്ഷിക്കുന്നതിന് പ്രത്യേക വിഭാഗം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വനം ബിൽ നിലവിൽ വന്നിട്ടില്ല. 2000-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപിതമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ഓർഡിനൻസ് പ്രകാരം 11037.057 ഹെക്ടർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് വരുന്നു. പ്രസ്തുത ഓർഡിനൻസിന് പകരമായുള്ള ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചിരിക്കുകയാണ്.

(ബി) 2000-ലെ ഓർഡിനൻസ് പ്രകാരം ഏറ്റെടുത്ത ഭൂമി സർവേ ചെയ്ത് അതിർത്തി നിർണ്ണയിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്വകാര്യ സ്ഥലമുടമകളുമായി 55 കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്.

(ഡി) ഇതിനായി പ്രത്യേക വിഭാഗം ഉദ്യോഗസ്ഥരെ നിയമിക്കേണ്ട ആവശ്യമില്ല.

## പാട്ടഭൂമിയുടെ പാട്ടം പുതുക്കി നിശ്ചയിക്കൽ

126 [433] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടഭൂമിയുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്നതിനുള്ള അവകാശം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നൽകിക്കൊണ്ട് കഴിഞ്ഞ സർക്കാർ പാസ്സാക്കിയ നിയമഭേദഗതി നടപ്പിൽ വരാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly